**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2343** **19.06.2013-ലെ മറുപടിക്ക്**

**പുതിയ മെഡിക്കൽ കോളേജ്**

| **ചോദ്യം**<br>ശ്രീ. വി. ശിവൻകുട്ടി : | **ഉത്തരം**<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| തിരുവനന്തപുരത്തെ ജനറൽ ആശുപത്രിയും തൈക്കാട് ആശുപത്രിയും സംയോജിപ്പിച്ച് ഒരു പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുമ്പോൾ പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ? | തിരുവനന്തപുരത്തെ ജനറൽ ആശുപത്രിയിലും തൈക്കാട് മാതൃശിശു ആശുപത്രിയിലും ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ജനറൽ ആശുപത്രി ക്യാമ്പസിലാണ് പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇത് മൂലം പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകാൻ സാദ്ധ്യതയില്ല. മറിച്ച് മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാകുകയും ചെയ്യും. ജനറൽ ആശുപത്രിയും തൈക്കാട് മാതൃ ശിശു ആശുപത്രിയും ആരോഗ്യവകുപ്പിന് കീഴിൽത്തന്നെ നിലനിർത്തുന്നതും രോഗികൾക്ക് തുടർന്നും ചികിൽസ ലഭ്യമാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ